വിദേശത്തു യാത്രചെയ്യുന്നവർക്ക് വിദേശ കറൻസി നോട്ടുകളും നാണയങ്ങളും
.

നവംമ്പർ 13, 2001

വിദേശത്ത് യാത്ര ചെയ്യുന്നവർക്ക് 2000 യു എസ് ഡോളർ വരെ വിദേശവിനിമയം, വിദേശ കറൻസി നോട്ടുകളായും നാണയങ്ങളായും ആ ബി ഐ യുടെ മുൻകൂട്ടിയുള്ള അനുമതിയില്ലാതെ തന്നെ നൽകാനുള്ള അനുവാദം അംഗീകൃത ഡീലർമാർക്കും സമ്പൂർണ്ണ പദവിയുള്ള മണി ചെയിഞ്ചർമാർക്കും ഇനി മുതൽ ഉണ്ടാകും. നടപടിക്രമങ്ങൾ ലളിതമാക്കുന്നതിനായി ഉദ്ദേശിക്കപ്പെട്ടിട്ടുള്ള ഈ അനുവാദം നടപ്പിൽ വരുത്താൻ വേണ്ട ഭേദഗതികൾ റിസർവ് ബാങ്ക് ഓഫ് ഇൻഡ്യ അതിന്റെ നിർദ്ദേശങ്ങളിൽ വരുത്തിയിരിക്കുന്നു. വിദേശത്ത് യാത്ര ചെയ്യുന്നവർക്ക് വിദേശ കറൻസി നോട്ടുകളായും നാണയങ്ങളായും വിദേശ വിനിമയം നൽകാനുള്ള ഇപ്പോഴത്തെ പരിധി 500 യു എസ് ഡോളറാണ്.

**അൽപന കില്ലാവാല**

**പൊതു കാര്യദർശി**

**പത്രക്കുറിപ്പ് : 2001-2002/577**